


# Vivekodayam Boys'L P School

# Academic Master Plan 2025-26



Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

- വിദ്യാലയത്തിന്റെ പേര് : വിവേകോദയം ബോയ്സ് എൽ പി സ്കൂൾ തൃശ്ശൂർ
- **Phone No :04872333380**
- സ്കൂൾ കോഡ് :**22639**
- **U DISE CODE :32071802703**
- വിദ്യാഭ്യാസ ജില്ല : തൃശ്ശൂർ വിദ്യാഭ്യാസ ഉപ ജില്ല തൃശ്ശൂർ വെസ്റ്റ്
- ബി ആർ സി : യു ആർ സി തൃശ്ശൂർ
- സി ആർ സി : പൂങ്കുന്നം
- ഇമെയിൽ **vivekodayamblps@gmail.com**

# ആമുഖം

വിവേകോദയം സ്കൂൾ തൃശ്ശൂരിന്റെ അക്ഷര ലോകത്ത് നിറഞ്ഞുനിൽക്കുന്ന നവ ചൈതന്യം തന്നെയാണ്. വിവേകാനന്ദ സ്വാമികളുടെ നാമധേയത്തിൽ അറിയപ്പെടുന്ന ഒരു വിജ്ഞാന സമുച്ചയം തന്നെയാണ് വിവേകോദയം.പാഠ്യപാഠേതര പ്രവർത്തനങ്ങളിൽ മികവുറ്റപ്രവർത്തനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന ഈ സ്കൂൾ ഇന്ന് കാലചക്രത്തിനൊപ്പം ദ്രുതഗതിയിൽ നീങ്ങുകയാണ്. അക്ഷര ജ്യോതി തെളിയുന്ന പ്രാഥമിക വിദ്യാഭ്യാസത്തിൻറെ ആദ്യ ചുവടുവെപ്പ് എന്ന നിലയിൽ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്താൻ പ്രവർത്തിക്കാനും ആകർഷണീയത ഉയർത്തുവാനും ശ്രമിക്കാറുണ്ട്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.പ്രധാന അധ്യാപികയെ കൂടാതെ നാല് അധ്യാപകരാണ് ഇവിടെയുള്ളത്.
പ്രാഥമിക വിദ്യാഭ്യാസത്തിൻറെ അടിത്തറ എൽ പി സ്കൂളിൽ നിന്നായതിനാൽ ആദ്യമായി സ്കൂളിൽ എത്തുന്ന കുട്ടിക്ക് അവിടത്തെ അന്തരീക്ഷം പരിചിതവും ശിശു സൗഹാർദ്ദപരവും ആയിരിക്കേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ട പ്രവർത്തനങ്ങൾക്കാണ് ഞങ്ങൾ മുൻതൂക്കം കൊടുക്കുന്നത്.

## ലക്ഷ്യങ്ങൾ

കുട്ടിക്കൂട്ടവുമൊത്ത് കളിയും ചിരിയും ആട്ടവും പാട്ടുമായി കൂട്ടുകൂടിക്കൊണ്ട് കൊച്ചു കൊച്ചു പ്രവർത്തനങ്ങളാൽ അവരുടെ നക്ഷത്രക്കണ്ണുകളിൽ വിസ്മയം വിടർത്തി, അവരെ ആഹ്ളാദത്തേരിലേറ്റി അക്ഷരത്തേൻ നുകരാൻ പ്രാപ്തരാക്കുകയാണ് ഞങ്ങൾ.

പരിഷ്കരിച്ച പാഠ്യപദ്ധതിക്കനുസൃതമായ പഠനാന്തരീക്ഷം ഒരുക്കിക്കൊണ്ട് ജ്ഞാനോത്പാദകരായി കുട്ടികളെ വളർത്തുക എന്നത് അധ്യാപകരുടെ കർത്തവ്യമായി കരുതുന്നു.

അതിനായി വിദ്ഗധരുടെ ക്ലാസുകൾ, ശില്പശാലകൾ, പ്രോജക്റ്റ്, പഠനയാത്രകൾ, ഐ.ടി.അധിഷ്ഠിത പഠന വിഭവങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ പഠനമാണ് ലക്ഷ്യം.

കുട്ടികളുടെ ശാരീരികവും മാനസികവും, ബുദ്ധിപരവുമായ വികാസം ലക്ഷ്യം വച്ചു കൊണ്ട് ചെസ്, കരാട്ടെ, അബാക്കസ് പരിശീലനം എന്നിവയും ഉണ്ട്.

കുട്ടികളിൽ വായനാ സംസ്കാരംവളർത്തുക എന്ന ലക്ഷ്യത്തോടെ പുസ്തകപ്പൂരം എന്ന പരിപാടിയിലൂടെ സമാഹരിച്ച മനോഹരമായ കൊച്ചു പുസ്തകങ്ങൾ അവർക്കായി ഒരുക്കിയിട്ടുണ്ട്.

വായന എന്ന ലഹരിയിലേക്ക് കുട്ടികളെ കൈ പിടിച്ച് ഉയർത്തുക എന്നത് ഈ വർഷത്തെ ഒരു പ്രധാന ലക്ഷ്യമാണ്.

ആസ്വാദനക്കുറിപ്പ്, വായനാമത്സരങ്ങൾ, അമ്മ വായന, പ്രഗത്ഭരുടെ ക്ലാസുകൾ, ക്വിസ്, പൊതു ലൈബ്രറി സന്ദർശനം, കൈയെഴുത്തുമാസിക എന്നിവ ഇതിനായി നടത്തും.

ഇംഗ്ലീഷ് ഭാഷ പഠനം  ഓരോ മാസവും ഓരോ പ്രവർത്തനത്തിലൂടെ മികവുറ്റതാക്കാൻ ശ്രമിക്കും.

കുട്ടികളുടെ വാചിക പ്രകടന കഴിവ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ക്ലാസ് തലം, സ്കൂൾ തലം എന്നിങ്ങനെ 2ഘട്ടങ്ങൾ ഒരുക്കും.

കഴിഞ്ഞ വർഷം 3 വിദ്യാർഥികൾക്ക് L. S. S. നേടാനായി. ഈ വർഷം അതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ കരുതുന്നു.

ബാലകലോത്സവം, ശാസ്ത്രമേള എന്നിവയിൽ കൂടുതൽ മികച്ച രീതിയിൽ പങ്കെടുക്കുന്നതിനു വേണ്ട പരിശീലനം നേരത്തെ തുടങ്ങി വയ്ക്കുവാനും കരുതുന്നു.

രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾക്ക് ഒറിഗാമി പോലെയുള്ള കരകൗശല  പരിശീലനം നൽകാൻ ശ്രമിക്കും.

പഠനവേഗം കുറഞ്ഞ കുട്ടികൾക്ക് പ്രത്യേക പരിശീലനം എന്നിവയും നൽകാൻ ഉദ്ദേശിക്കുന്നു.

കുട്ടികൾക്ക് വേണ്ടത്ര കളിസ്ഥലം ഇല്ലാത്തതും, കെട്ടിടത്തിന്റെ അഭാവം നിമിത്തം പ്രവേശനം ആവശ്യപ്പെട്ടു വരുന്ന വിദ്യാർഥികളെ മുഴുവൻ ഉൾക്കൊള്ളാനാകാത്തതും പരിമിതിയാണ്.

ഈ വിദ്യാലയ തിരുമുറ്റത്തെത്തുന്ന ഓരോ കുരുന്നുകളേയും സത്യത്തിന്റേയും നന്മയുടേയും വഴിയിലൂടെ നയിക്കുന്നതോടൊപ്പം ആകാശത്തോളം വളരുവാനുള്ള മാർഗദീപം തെളിയിച്ചു കൊടുക്കേണ്ടതുമുണ്ട്.

അക്ഷരം അഗ്നിയാണ്.

ആ അഗ്നിയുടെ തെളിച്ചം ഓരോ കുഞ്ഞു മനസ്സിലും നിറയട്ടെ.

➔

# ചരിത്രം

വിദ്യാഭ്യാസം എന്നത് മനുഷ്യരിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്ക്കാരമാണ് എന്ന തിരിച്ചറിവോടെ, അനേകായിരം പേർക്ക് അക്ഷരവെളിച്ചമേകി 1917 ൽ സ്ഥാപിതമായ ഈ വിദ്യാലയം തൃശ്ശൂരിന്റെ തിലകക്കുറിയായി വർത്തിച്ചു വരുന്നു. സ്വാമി വിവേകാനന്ദന്റെ ആശയങ്ങളിൽ ആകൃഷ്ടരായ ഒരു കൂട്ടം യുവാക്കൾ സ്ഥാപിച്ചതാണ് ഈ സരസ്വതി ക്ഷേത്രം. തൊണ്ണൂറ് വർഷങ്ങൾക്ക് മുമ്പ് നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി ഈ വിദ്യാലയം സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന്റെ പാദസ്പർശമേറ്റ ഈ വിദ്യാലയത്തിൽ അദ്ദേഹം എഴുതിയ സന്ദർശന ക്കുറിപ്പ് അമൂല്യ നിധിയായി ഇന്നും സൂക്ഷിക്കുന്നു.

ആദ്യകാല ഹെഡ്മാസ്റ്റർ ആയിരുന്ന കൃഷ്ണൻ മേനോൻ പിന്നീട് ത്യാഗീശാനന്ദ സ്വാമികൾ എന്നറിയപ്പെട്ടു.

ഈ വിദ്യാലയത്തിൽ ആദ്യാക്ഷരം കുറിച്ച പലരും സമൂഹത്തിലെ പ്രശസ്തരാണ്. സ്വാമി ചിന്മയാനന്ദജി ഇവിടത്തെ പൂർവ വിദ്യാർഥിയായിരുന്നു.

അഡ്വ:കെ.കെ.ഉണ്ണിയായിരുന്നു ആദ്യകാല മാനേജർ. അമ്പത് വർഷമായി മാനേജർ സ്ഥാനം അലങ്കരിക്കുന്നത് തൃശ്ശൂരിലെ ഓരോ മൺതരിക്കും സുപരിചിതനായ മുൻ തൃശ്ശൂർ എം.എൽ.എ.യും, കേരള നിയമസഭ സ്പീക്കറുമായിരുന്ന അഡ്വ: ശ്രീ തേറമ്പിൽ രാമകൃഷ്ണനാണ്.

ഇന്ന് ഈ വിദ്യാലയം കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ അഭിമാനമാണ്.

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും മുമ്പിൽ തന്നെയാണ് നമ്മുടെ വിദ്യാലയം.

ഈ അധ്യയന വർഷം ഒന്നു മുതൽ നാലുവരെ 165 വിദ്യാർഥികളാണ് പ്രവേശനം നേടിയിരിക്കുന്നത്.

അക്ഷരച്ചിറകിലേറി അറിവിന്റെ ആകാശത്തേക്ക് കുതിക്കുവാൻ വെമ്പുന്ന കുഞ്ഞു മക്കളെ വർണാഭമായ അക്ഷര പൂക്കളുമായി വരവേൽക്കാൻ ഈ വിദ്യാലയം ഒരുങ്ങിക്കഴിഞ്ഞു.

മേഖല: അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | പ്രതിഭാധനരുമായി സംവദിക്കൽ<br><br>ബാലസഭ | മൂന്നുമാസത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| വായന ആശയം അറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം<br><br>വാർത്ത വായന മത്സരം<br><br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ മാർച്ച്<br><br>ഓഗസ്റ്റ് മുതൽ മാർച്ച് വരെ<br><br>ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി വികസിപ്പിക്കുന്നു | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| രചനാ ശേഷി വികസനം | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | മൂന്നുമാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ പ്രധാന അധ്യാപിക | |
| വായനാ പരിപോഷണം | പുസ്തകപരിചയം നടത്തുന്നു വായനക്കുറിപ്പ് തയ്യാറാക്കുന്നു | മൂന്ന് മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ് വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മകപ്രവർത്തന ങ്ങളുടെ അവതരണം | വർഷത്തിൽ ഒന്ന് | പ്രധാന അധ്യാപിക ക്ലാസ് ടീച്ചർ | |
| | | | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടംഎന്നിവ തയ്യാറാക്കുക<br><br>പ്രകൃതി നടത്തം കർഷകരുമായി അഭിമുഖം<br><br>ജലസ്രോതസ്സുകളുടെ സംരക്ഷണം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം<br><br>ഫീൽഡ് ട്രിപ്പ് | ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ<br><br>വർഷം മുഴുവനും | ക്ലാസ് ടീച്ചർ പ്രധാന അധ്യാപിക | |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നത് | ഭക്ഷ്യമേള നാടൻവിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ മുതൽ സെപ്റ്റംബർ വരെ | ക്ലാസ് ടീച്ചർ എസ് ആർ ജി | |
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകളിൽ പങ്കെടുക്കുന്നു<br><br>പോസ്റ്റർ രചന മത്സരം | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | അവതരണങ്ങൾ | | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ഉണ്ടാക്കുക<br><br>ശാസ്ത്രാവബോധം വളർത്തുക | ലഘു പരീക്ഷണങ്ങൾ നിരീക്ഷുന്നു സ്വയം പരീക്ഷണങ്ങളിലേർപ്പെടുന്നു കുറിപ്പ് തയ്യാറാക്കുന്നു<br><br>ശാസ്ത്ര പ്രതിഭകളെ അടുത്തറിയുന്നു<br><br>ശാസ്ത്ര മാസികകൾ പരിചയപ്പെടുന്നു<br><br>ശാസ്ത്ര അറിവുകളെ ഉൾപ്പെടുത്തിയുള്ള കയ്യെഴുത്തു മാസികയുടെ നിർമ്മാണം | വർഷം മുഴുവനും | ക്ലാസ് ടീച്ചർ പ്രധാന അധ്യാപിക | |
| ഇന്ത്യ -കേരളം ഭൂപ്രകൃതിയെ അടുത്തറിയൽ<br><br>ഭൂപട വായന | ഐ സി ടി സഹായത്തോടെ വിവരശേഖരണം<br><br>ഭൂപട വായന<br>ഭൂപട രചന | വർഷം മുഴുവനും | ക്ലാസ് ടീച്ചർ എസ് ആർ ജി | |

മേഖല : അക്കാദമികം

ഉപമേഖല :ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | പാട്ടുകളും കഥകളും പരിചയപ്പെടുത്തൽ<br><br>അമ്മവായന | ജൂൺ- ആഗസ്റ്റ്<br><br>ജൂലൈ | മലയാളം അദ്ധ്യാപിക<br><br>പ്രധാന അദ്ധ്യാപിക എസ് ആർ ജി | |
| വായനാ പരിപോഷണം | ആനുകാലിക വായന<br><br>പുസ്തക ശേഖരണം<br><br>ലൈബ്രറി വിപുലീകരണം<br><br>ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br><br>വായനാമൂല സജ്ജീകരിക്കൽ പുസ്തക പരിചയം<br><br>വായനാകുറിപ്പ് അവതരണം<br><br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br><br>പുസ്തക പ്രദർശനം | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ<br><br>വർഷം മുഴുവൻ<br><br>ജൂലൈ മുതൽ<br><br>ജൂൺ മുതൽ<br><br>ജൂൺ മുതൽ<br><br>ജൂൺ മുതൽ<br><br>ജൂലൈ മുതൽ<br><br>ജൂൺ , ഒക്ടോബർ ജനുവരി | അദ്ധ്യാപകർ പ്രധാന അദ്ധ്യാപിക എസ് ആർ ജി | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠപുസ്തകത്തിലെ പഠന പ്രവർത്തനങ്ങൾ<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ലഘു പതിപ്പുകൾ | വർഷം മുഴുവൻ | അധ്യാപകർ പ്രധാന അധ്യാപിക എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കൽ<br>പ്രദർശനം<br><br>സംയുക്ത ഡയറി | വർഷം മുഴുവൻ<br><br><br>ആഗസ്റ്റ് മുതൽ | | |
| സർഗാത്മകത വളർത്തുന്നു | ശില്പശാലകൾ, ക്യാമ്പുകൾ നടത്തുന്നു കഥ ,കവിത,ഉപന്യാസം എന്നിവയുടെ രചനകൾക്ക് വേദിയൊരുക്കുന്നു. സാഹിത്യരചനകൾ പരിചയപ്പെടുന്നു. | സെപ്റ്റംബർ മുതൽ | PTA<br>അധ്യാപകർ<br>എസ് ആർ ജി | |
| കലാരൂപങ്ങൾ പരിചയപ്പെടൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കലാരൂപങ്ങൾ പരിചയപ്പെടുന്നു കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ എന്നിവ പരിചയപ്പെടൽ | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ<br>എസ് ആർ ജി | |
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | ഭാഷാപരമായിപിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | അധ്യാപകർ<br>പിടിഎ | |

മേഖല :  അക്കാദമികം

ഉപമേഖല  : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെടുന്നു.<br><br>പഠനോപകരണങ്ങൾ നിർമിക്കുന്നു.<br><br>മെട്രിക് മേള<br><br>ഗണിതോത്സവം | വർഷം മുഴുവൻ<br><br>ജനുവരി മുതൽ മാർച്ച് | അധ്യാപകർ | |
| ചതുഷ്ക്രിയകൾ ലളിതമാക്കുന്നു | സംഖ്യ കാർഡുകൾ കുസൃതി കണക്കുകൾ പസിലുകൾ വിവിധ ഗെയിമുകൾഎന്നിവ ഉപയോഗപ്പെടുത്തുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |
| ജ്യാമിതീയ സൗന്ദര്യം കണ്ടെത്തുന്നു | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഒക്ടോബർ | അധ്യാപകർ<br>പ്രധാന അധ്യാപിക | |

| | | | | |
|---|---|---|---|---|
| | ടാൻഗ്രാം നിർമ്മാണം പ്രദർശനം<br><br>പാറ്റേണുകൾ വരയ്ക്കുന്ന പ്രദർശനം<br><br>ഗണിത മാസിക തയ്യാറാക്കുന്നു | ജനുവരി<br><br>മാസത്തിൽ ഒന്ന്<br><br>വർഷത്തിൽ ഒന്ന് | | |
| ഗണിത ചിന്താ ശേഷി വളർത്തൽ | ഗണിത മേള സംഘടിപ്പിക്കുന്നു<br><br>ഗണിതലാബ് സജ്ജീകരണം | സെപ്റ്റംബർ<br><br>ഒക്ടോബർ | എസ് ആർ ജി<br>പി ടി എ | |